

*It is the day we remember the rising of our Lord and Savior, Jesus Christ.*

ST. MARY'S INDIAN ORTHODOX CHURCH

(Pilgrim Centre), Ras-Al-Khaima, UAE

# മാവൂർബ

Version 38

April 2021

# പെരുന്നാളുകളുടെ പെരുന്നാൾ-ഉയിർപ്പ്പെരുന്നാൾ



പൗരസ്ത്യസഭകളുടെ ആരാധനാ വർഷത്തിന്റെ കേന്ദ്രം ഉയിർപ്പു പെരുന്നാളാണ്. ഓരോ ഞായറാഴ്ചയെയും ഉയിർപ്പു പെരുന്നാളിന്റെ പ്രതിവാരാഘോഷമായിട്ടാണ് ഓർത്തഡോക്സ് സഭകൾ കണക്കാക്കുന്നത്. സുറിയാനിയിൽ 'കൃംതാ' (ഉയിർപ്പ്) എന്ന പേരുതന്നെയാണ് ഞായറാഴ്ചക്കും ഉയിർപ്പുപെരുനാളിനും ഉപയോഗിക്കുന്നത്.
ക്രൈസ്തവരായ നമ്മുടെ വിശ്വാസത്തിന്റെ ഏറ്റവും അടിസ്ഥാനഘടകമാണ് ക്രിസ്തുനാഥന്റെ ഉത്ഥാനം. സമാധാനത്തിന്റെയും പ്രത്യാശയുടെയും അലയടികൾ ഉയർത്തികൊണ്ട് ഉയിർപ്പുപെരുന്നാൾ ഒരിക്കൽ കൂടി നമ്മെ സമീപിക്കുകയാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ലാണ് യേശുവിന്റെ ഉയിർപ്പ്. അതുകൊണ്ട് വി. പൗലോസ് ശ്ലീഹ പറയുന്നത്; ' ക്രിസ്തു ഉയിർത്തെഴുന്നറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം (1 കോരി.15:14) എന്ന്. യേശുവിന്റെ കാല്പാടുകളെ മൂന്നുവർഷക്കാലം പിന്തുടർന്ന് അവിടുന്ന് ചെയ്ത അത്ഭുതപ്രവർത്തികൾക്കെല്ലാം സാക്ഷ്യം വഹിച്ച്, ക്രിസ്തുവിന്റെ പ്രബോധനങ്ങളെല്ലാം നേരിട്ടു ശ്രവിച്ച ശ്ലീഹന്മാരും, ക്രിസ്തുവിനെ പൂർണ്ണമായി മനസ്സിലാക്കിയത് ക്രിസ്തുവിന്റെ ഉത്ഥാനത്തിനു ശേഷമാണ്.

മരിച്ചവരുടെ ഇടയിൽ നിന്നുള്ള ക്രിസ്തുവിന്റെ ഉയിർത്തെഴുനേൽപ്പ് ഒരു വലിയ സത്യം നമ്മുടെ മുമ്പിൽ വയ്ക്കുന്നു. ക്രിസ്തു ഇന്നും ജീവിക്കുന്നു. യേശു മരണത്തെ അതിജീവിച്ച് ജീവന്റെ അധിനാഥനായി തീർന്നിരിക്കുന്നു. ക്രിസ്തു അരുളിയച്ചെയ്തു ; 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു' (St. John 14 :6).ഉത്ഥാനം ഇതു തെളിയുക്കുന്നു. ക്രിസ്തുനാഥൻ ഈ ലോകത്തിലേക്ക് വന്നത് സത്യദൈവവും യഥാർത്ഥ നന്മയുമായിട്ടാണ്. തിന്മയേക്കാൾ നന്മയ്ക്കാണു ശക്തിയെന്ന് ക്രിസ്തുവിന്റെ ഉത്ഥാനം സാക്ഷ്യം വഹിക്കുന്നു. കർത്താവിന്റെ ഉയിർപ്പുവഴി സ്നേഹത്തിനാണ് വിദ്വേഷത്തേക്കാൾ ശക്തിയെന്നും തെളിയിച്ചു. യേശുവിന്റെ ഉത്ഥാനം മരണത്തേക്കാൾ ജീവനാണ് ശക്തിയെന്ന് തെളിയിച്ചു .ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനശിലയായി യേശുവിന്റെ ഉത്ഥാനത്തെ നമ്മുക്കു കാണുവാൻ സാധിക്കും. അവിടുന്ന് ഇന്നും ജീവിക്കുന്ന ദൈവമാണ്.

ക്രിസ്തു ജീവിക്കുന്നത് നമ്മിൽ ഓരോരുത്തരിലൂടെയാണ്. യേശുവിന്റെ കൈകളും കാലുകളും കണ്ണും നാവുമെല്ലാം നമ്മളാണ്. നമ്മുടെ വളർച്ച യേശുവിന്റെ വളർച്ചയാണ്, നമ്മുടെ തളർച്ച യേശുവിന്റെ തളർച്ചയാണ്. ഈ സത്യം ആഴത്തിൽ നമുക്കു മനസ്സിലാക്കാം. യേശുവിന്റെ ഉത്ഥാനം നമ്മിലൂടെ ജീവിക്കുന്ന യാഥാർഥ്യമായിത്തീരട്ടെ. ഉയിർപ്പ് യേശുവിന്റെ ദിവ്യതയുടെ തെളിവാണ്. പുതിയ ജീവന്റെ വാഗ്ദാനമാണ്. ദൈവമാകാൻ കഴിവുള്ള ചില മനുഷ്യരുണ്ട്. വിശക്കുന്നവന് അന്നം നല്കുന്നവനാണ് ദൈവം. രോഗിക്ക് വൈദ്യനാണ് ദൈവം. കരയുന്നവന് ആശ്വാസം നല്കുന്നവനാണ് ദൈവം. ദൈവം പലരൂപത്തിലും, പലതരത്തിലും ഉണ്ട്. കാണുന്നവന്റെ കാഴ്ചപോലെ ആണ് ദൈവത്തിന്റെ രൂപവും ഭാവവുമെന്ന് മാത്രം. അടിച്ചമർത്തലിന്റെയും പീഡനത്തിന്റെയും നിഷേധാത്മകളെ അതിജീവിക്കുന്നതിനുള്ള ഊർജ്ജം നൽകി മുമ്പോട്ട് നയിക്കുന്നതിന് ഉയിർത്തെഴുനേൽപ്പ് സഹായകമാകട്ടെ. ക്രിസ്തുവിന്റെ ഉയിർപ്പിനോടു നമ്മുക്കും ഭാഗമാകാം അതിൽ നമുക്കും സന്തോഷിക്കാം.

എല്ലാവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെ പ്രത്യാശയുടെയും ഈസ്റ്റർ ആശംസകൾ നേരുന്നു.

ഫാ. ഗീവർഗീസ് വർഗീസ്
കുന്നംകുളം

# A Message from Vicar

## *Resurrection- it's our hope and faith...*



Our faith in the Resurrection rests upon Christ's promise. "How dear, O Christ, and how sweet is your voice that promised us that you will be with us to the end of the age." We have no other proof that we will not die than the Resurrection of Christ and His promise to us, just as He prayed to the Father, that wherever He is He wants us to be there with Him, and that just as He is in glory, we will participate in it with Him and be like Him. In the final resurrection, He will give us that body that He took in the Resurrection. And so, the question is: did Christ really rise. If His promise is true, then our resurrection is necessarily the consequence. Therefore, the Apostle Paul says, "If Christ is not risen, then our whole faith is in vain."

Proofs of Christ's resurrection began with the Christian martyrs, and Paul was one of the first of them, who saw Christ at the gates of Damascus. Wherever he went, he would stand and tell about how he saw Him and that He is alive. Like him were many martyrs who died for the sake of this testimony, in order to tell of Christ's resurrection. But someone might say, "Despite someone's testimony and martyrdom for the sake of his faith, in this case faith in the Resurrection, this proves the sincerity of his faith, but it does not necessarily prove the truth of his testimony."

There is a second proof that strengthens Christians' testimony of the resurrection of the Lord, which is very strong, external testimonies of the Lord's resurrection from non-Christians of that time, Jews and pagans, as well as many historical manuscripts and books.

However, the strongest, most decisive, and final proof, of which there is no doubt, is the resurrection of the Church. All of us remember, in our prayers, how the Lord's disciples left their Master and fled (they returned to their trades and went back to fishing).Likewise, there is the example of the disciples on the way to Emmaus, who did not revive their dashed hope, despite all that the Lord explained to them from the scriptures, until He broke bread for them. The fact that those who fled returned to preaching the Gospel, even unto death, is because they discovered the truth of what they knew (and they are a group of good and truthful people), that they were now bearers of the most important truth for human life, which is the resurrection of Christ.

St. John Chrysostom says, "Is it possible to raise the dead and give life, as the Apostles did, in the name of someone who is dead?" This is why the Church declared that the Acts of the Apostles be read at this time, starting from the day of the Resurrection, because the formation of the Church was by virtue of the Resurrection, after the disciples had previously been dispersed. The Resurrection is the cause and the purpose of the Church. The Church came from the resurrection and her purpose is to announce the Resurrection.

what is the role of Christ's resurrection in our life? This is the challenge, that Christ really rose from the dead as a proven historical event, but an event that always requires proof and it is in our hands and in our wills a life-changing event, just as Easter was in the beginning in the life of the Church.

"Christ is risen" is an expression of hope. It is an expression of joy. It is an expression of rejoicing. But at the same time, it is also a profoundly difficult expression and a serious challenge. "Christ is risen" means that death has been trampled down and that our city is not temporal, but rather eternal. This means that we do not permanently settle here, but rather that we strive for true life.

There is no doubt in Christ's resurrection, but the challenge is on the level of reflecting His resurrection in our life and of applying it.

I wish all my beloved ones a blessed Easter...

Christ is risen! Indeed, He is risen!

Your loving
Joe achen

# ആദരാഞ്ജലികൾ

"ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തമേ
കബറീന്നുദ്യാനത്തിന്നായ് "



**Mr.K. M. Jacob(91)** Father of Mr.Binu Jacob's (Reg.no 266, B 07)

**Mr.Rajan George(65)** Father in law of Mr.Ajeesh Baby's (Reg.no 458, A 37)



## Church Worship Timing

| | | |
|---|---|---|
| Friday | : | 6.30 AM-Morning Prayer<br>7.00 AM-Holy Qurbana (Jazeera Church) |
| For More Info | : | 050 268 2681 / 050 370 3321 (Vicar) |
| Landline | : | 00971 7 236 4686 |

എല്ലാം ദിവസവും പ്രഭാത പ്രാർത്ഥനയും സന്ധ്യാ നമസ്കാരം ജസ്സീറ പള്ളിയിൽ നടത്തപ്പെടുന്നു

# Editorial

## പ്രത്യാശയുടെ പെരുന്നാൾ

ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ പ്രത്യാശയിൽ ഊന്നിയുള്ള ജീവിതമാണല്ലോ ! കാൽവറിമലയിൽ നമ്മുടെ പാപങ്ങളെല്ലാം ഏറ്റെടുത്ത് നമുക്കായ് മരണത്തെ പുൽകി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥനിൽ വിശ്വസിക്കുന്ന നാം ഓരോരുത്തരും ഇത്തരത്തിൽ ഒരു ഉയിർത്തെഴുന്നേല്പിനെ പ്രതിക്ഷിക്കുന്നവരാകണം. നമ്മുടെ അനുദിന ജീവിതത്തിൽ നാം അകപ്പെട്ടു പോകുന്ന പാപങ്ങളിൽ, വേദനകളിൽ, ദുരിതങ്ങളിൽ അങ്ങനെ ഏതു പ്രതികൂല സാഹചര്യങ്ങളിൽ നിന്നും നമ്മെ കൈപിടിച്ച് ഉയിർപ്പിക്കാൻ ക്രിസ്തുനാഥനുണ്ടാകും എന്ന വിശ്വാസവും ഉറപ്പും നമ്മിലുണ്ടാകണം. അതിനായ് നാം ഓരോരുത്തരും യേശുക്രിസ്തുവിനെ അറിയണം അനുഭവിക്കണം ഹോസിയാ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു "കർത്താവിനെ അറിയാൻ നമുക്ക് ഏകാഗ്രതയോടെ ശ്രമിക്കാം". 'ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ട്ടം.'

ഇപ്രകാരം കർത്താവിനെ അറിയുന്ന ദൈവമക്കളാകാൻ നമുക്ക് കഴിഞ്ഞാൽ, വേദനകൾ നമുക്ക് സഹനങ്ങളാകും."രണ്ടു ദിവസത്തിനുശേഷം അവിടുന്ന് നമുക്ക് ജീവൻ തിരിച്ചു തരും.മൂന്നാം ദിനം അവിടുന്ന് നമ്മെ ഉയിർപ്പിക്കും. നാം അവിടുത്തെ സന്നിധിയിൽ ജീവിക്കേണ്ടതിനു തന്നെ ".

ഈ ഉയിർപ്പ് പെരുന്നാൾ നമ്മുടെ നാഥനും ദൈവവുമായ യേശു ക്രിസ്തുവിനെ കൂടുതൽ അറിയുവാനും ആ സ്നേഹത്തിലും സഹനത്തിലും ജീവിക്കുവാനും നമ്മെ ഓർമപ്പെടുത്തുന്നതാകട്ടെ. പ്രത്യാശയുടെ പൊൻകിരണങ്ങൾ നമ്മുടെ ജീവിതങ്ങളെ കൂടുതൽ പ്രകാശ പൂരിതമാക്കട്ടെ....

ഏവർക്കും കർത്താവിന്റെ ഉയിർപ്പു പെരുന്നാൾ ആശംസകൾ നേരുന്നു ....

മാവൂർബ

**Printed & Published by:**
St. Marys Indian Orthodox, Syrian Church, Rak,
Rev. Fr. Joe Mathew(Vicar)

Mr. Renny Deniel Johns(Editor),
Mr. Stanley Thompson(Trustee) 050 302 9633,
Mr. Binu Varghese(Secretary) 050 490 2033